# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2431 — 19.06.2013-ൽ മറുപടിയ്ക്ക്

### ഭൂഗർഭ കിണറുകൾ നിർമ്മിക്കുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലചൂഷണം വ്യാപകമാക്കുക വഴി ഭൂഗർഭ ജലനിരപ്പ് അപായകരമാംവിധം താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഭൂജല നിരപ്പ് താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് ഭൂഗർഭ കിണറുകൾ നിർമ്മിക്കുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ ; | ബി) സംസ്ഥാനത്തെ ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപഭോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) 2002 ആക്റ്റ് അനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് സ്വകാര്യ ഏജൻസികളുൾപ്പെടെയുള്ളവർക്ക് കേരള ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സ്വകാര്യ ഏജൻസികൾക്ക് മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ഭൂജല അതോറിറ്റിയുടെ 10-ാമതു യോഗം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും ആ കമ്മിറ്റിയുടെ ശുപാർശയിൽ, സ്വകാര്യ കുഴൽ കിണർ നിർമ്മാതാക്കൾ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നും കുഴിയ്ക്കുന്ന കിണറുകളുടെ രജിസ്റ്റർ സൂക്ഷിക്കണമെന്നും |

ഓരോ മാസവും കുഴിയ്ക്കുന്ന കിണറുകളുടെ വിശദാംശങ്ങൾ അധികൃതരെ ഏൽപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

| | |
|---|---|
| സി) ഭൂഗർഭ കിണറുകളുടെ നിർമ്മാണം പൂർണ്ണമായും സർക്കാർ നിബന്ധനകൾക്ക് വിധേയമായി മാത്രം നിർമ്മിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ? | സി) 2002-ലെ കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് കേരള ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. ഗാർഹിക ആവശ്യത്തിനായി കുഴൽ കിണർ നിർമ്മിക്കുന്നതിന് അമിത ചൂഷണ ബ്ലോക്കുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ നിയന്ത്രണം ബാധകമല്ല. വ്യാവസായികമായി ഭൂജലം ഉപയോഗിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായ ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി ആണ് വിശദമായ പഠനങ്ങൾക്ക് ശേഷം ഇത്തരത്തിലുള്ള അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ